**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 744** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>ലൈഫ് ഭവന പദ്ധതി-പട്ടികജാതി കുടുംബങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. ആർ. പ്രദീപ് ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് 2016 മുതൽ 2026 വരെയുള്ള കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം വീടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്;

**<u>മറുപടി:</u>** സംസ്ഥാനത്ത് പട്ടികജാതി വിഭാഗക്കാരുടെ ലൈഫ് മിഷൻ മുഖേനയുള്ള ഭവന നിർമ്മാണത്തിന്റെ ഒന്നാം ഘട്ടത്തിൽ മുൻ വർഷങ്ങളിൽ വിവിധ വകുപ്പുകളും തദ്ദേശ സ്ഥാപനങ്ങളും മുഖേന അനുവദിച്ച വീടുകളിൽ പൂർത്തിയാകാതെ അവശേഷിച്ച വീടുകളുടെ പൂർത്തീകരണമാണ് നടത്തിയിട്ടുള്ളത്. നാളിതുവരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 1,43,576 ഭവനങ്ങളാണ് ലൈഫ് മിഷൻ മുഖേന നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടുള്ളത്.

**(ബി)** സംസ്ഥാനത്ത് നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ട് ;

**<u>മറുപടി:</u>** ലൈഫ് മിഷൻ മുഖാന്തിരം ധനസഹായം അനുവദിച്ച ശേഷം ലൈഫ് ലിസ്റ്റ് പ്രകാരമുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ നിലവിൽ 45,403 ഭവന രഹിതരും 44,800 ഭൂരഹിത ഭവന രഹിതരുമായ പട്ടികജാതി കുടുംബങ്ങൾ ഉണ്ട്.

**(സി)** ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ശേഷിക്കുന്ന കുടുംബങ്ങൾക്കും കൂടി വീട് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** പട്ടികജാതി കുടുംബങ്ങൾക്ക് സുരക്ഷിതമായ ഭവനം ഉറപ്പാക്കുന്നതിലേയ്ക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന നേരിട്ട് നടപ്പിലാക്കുന്ന പുതിയ ഭവന പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ച് സ.ഉ (കൈ) നം.36/2026/പജപവവിവ തീയതി. 07/10/2026 പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതു പ്രകാരം ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ശേഷിക്കുന്ന കുടുംബങ്ങൾക്കും കൂടി അപേക്ഷിക്കാവുന്നതും അർഹതയുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി പരിഗണിക്കുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**